# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ഭരണകാര്യം - സർവ്വകലാശാലയിൽ 22.02.2019-ൽ നടന്ന അദാലത്ത് - രേഖകൾ സർവ്വകലാശാലയിൽ നിന്നും പുറത്തുപോയ സംഭവം - അന്വേഷണ ഉദ്യോഗസ്ഥനെ മാറ്റിനിയമിച്ചു കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 5066/AD A1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 21.10.2019

---

പരാമർശം:-1. സർവ്വകലാശാല ഉത്തരവ് നം. 5001/AD A1/2019/എം.ജി.യു. തീയതി 19.10.2019.

2. 19.10.2019-ലെ രജിസ്ട്രാർ (i/c)-ൻറെ Registrar/misc/2019 നമ്പർ കുറിപ്പും, അതിന്മേലുള്ള വൈസ് ചാൻസിലറുടെ ഉത്തരവും.

3. സർവ്വകലാശാല പരിപത്രം നം. Ad.AI-2-117/2016 തീയതി 01.12.2016.

4. സർവ്വകലാശാല പരിപത്രം നം. 21031/AD AI/1/AD AI/AD AI തീയതി 26.06.2019.

**ഉത്തരവ്**

മഹാത്മാഗാന്ധി സർവ്വകലാശാല 22.02.2019-ൽ നടത്തിയ അദാലത്ത് സംബന്ധമായ രേഖകൾ സർവ്വകലാശാലയിൽ നിന്നും പുറത്തുപോയ സംഭവത്തെക്കുറിച്ച് അടിയന്തിരമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഡോ. കെ. സാബുക്കുട്ടൻ, രജിസ്ട്രാർ (i/c)-നെ ചുമതലപ്പെടുത്തിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ, രജിസ്ട്രാറുടെ ഓഫീസിലെ ഭാരിച്ച ചുമതലകളും ഉത്തരവാദിത്തങ്ങളും കണക്കിലെടുത്ത്, ഡോ. കെ. സാബുക്കുട്ടൻ, രജിസ്ട്രാർ (i/c)-നെ മേൽ പരാമർശിച്ചിരിക്കുന്ന അന്വേഷണ ഉദ്യോഗസ്ഥൻറെ ചുമതലയിൽ നിന്ന് ഒഴിവാക്കി, ജോയിൻറ് രജിസ്ട്രാർ 1 (ഭരണവിഭാഗം)-ന് പകരം അന്വേഷണച്ചുമതല നൽകിക്കൊണ്ട് പരാമർശം (2) പ്രകാരം വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

അന്വേഷണ ഉദ്യോഗസ്ഥൻ, അന്വേഷണ റിപ്പോർട്ട് പരാമർശം (3), (4) പരിപത്രങ്ങൾക്ക് അനുസൃതമായി സമർപ്പിക്കേണ്ടതാണ്.

തദനുസരണം പരാമർശം (1)-ലെ സർവ്വകലാശാല ഉത്തരവ് പരിഷ്കരിക്കുന്നു.

ഒപ്പ്

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ഡോ. കെ. സാബുക്കുട്ടൻ, രജിസ്ട്രാർ (i/c)
2. ജോയിൻറ് രജിസ്ട്രാർ 1 (ഭരണവിഭാഗം)
3. വൈസ് ചാൻസിലർ/പ്രൊ-വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
4. രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
5. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണം/അക്കാദമികം/പരീക്ഷ/ധനകാര്യം)
6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / റെക്കോർഡ്സ്
7. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 40166/AD A1/2/2019/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 21-Oct-2019 02:41 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം